LIBRARY ARCHIVES Kerala Legislative Assembly

വില്പന നികുതി ലഭിക്കുന്ന സ്രോതസ്സുകൾ

33 [345] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് വില്പന നികുതി ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വില്പന നികുതി സ്രോതസ്സുകളിൽ നിന്നും 1996-1997 മുതൽ 2003-2004 വരെയുള്ള വർഷങ്ങളിൽ സർക്കാരിന് ലഭിച്ച നികുതി എത്ര വീതമെന്ന് വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് വില്പന നികുതി ലഭിക്കുന്നത് പ്രധാനമായും എണ്ണക്കമ്പനികൾ, ബീവറേജസ് കോർപ്പറേഷൻ, മറ്റ് വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നുമാണ്.

(ബി) ഓരോ നികുതി സ്രോതസ്സുകളിൽ നിന്നും 1996-1997 മുതൽ 2003-20004 വരെയുള്ള വർഷങ്ങളിൽ സർക്കാരിന് ലഭിച്ച വില്പന നികുതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

റബ്ബർ കള്ളക്കടത്തുമൂലമുള്ള നികുതി നഷ്ടം

34 [346] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന റബ്ബർ ഷീറ്റുകളിൽ ഭൂരിഭാഗവും അമ്പൂരി തുടങ്ങിയ പ്രദേശങ്ങളിലൂടെ തമിഴ്നാട്ടിലേക്ക് കള്ളക്കടത്ത് നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റബ്ബർ കള്ളക്കടത്തുമൂലം നികുതി ഇനത്തിൽ സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) റബ്ബർ കള്ളക്കടത്തിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു തടയുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) കള്ളിക്കാട് ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്ന സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റിനു പുറമേ ഇടറോഡുകളിൽ കൂടിയുള്ള കള്ളക്കടത്ത് തടയുന്നതിന് മൈലക്കര ജംഗ്ഷനിൽ പുതുതായി ഒരു ചെക്ക്പോസ്റ്റ്കൂടി സ്ഥാപിച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.